*ബാബ അപരാഹനവേളകളിൽ പ്രശാന്തിനിലയത്തിലെ വരാന്തയിൽ തനിക്കു ചുറ്റും കൂടുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രധാന സന്ദേശങ്ങളിൽ ചിലത് തെരഞ്ഞെടുത്ത് അധിക സത്സംഗമായി അവതരിപ്പിക്കുകയാണ് പ്രഫസർ അനിൽകുമാർ. ഈ പ്രഭാഷണം തുടരും.*

# വിദ്യാർത്ഥികളുമായുള്ള ബാബയുടെ സംഭാഷണങ്ങൾ

**പ്രഫസർ അനിൽകുമാർ ഫെബ്രുവരി 13, 2004**

## സായി വിവേകമുത്തുകൾ(Sai Pearls of Wisdom) ഭാഗം 25A

**ഒക്ടോബർ 2003**

ഓം.... ഓം.... ഓം....
*സായിരാം*

*ഭഗവാന്റെ ചരണകമലങ്ങളിൽ പ്രണാമങ്ങളോടെ,*

പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ!

## വൈസ് ചാൻസലർമാർ സ്വാമിയുടെ കൂടെ

2003 ഒക്ടോബർ 29-ന് സംഭവിച്ചത് നിങ്ങളുമായി പങ്കുവയ്ക്കുന്നതിന് ഞാൻ ആഗ്രഹിക്കുകയാണ്. വൈകുന്നേരം 4.00 മണിയായിട്ടുണ്ടാവും, എല്ലാ വൈസ്-ചാൻസലർമാരും സത്യസായി യൂണിവേഴ്സിറ്റിയുടെ നിലവാരം തിട്ടപ്പെടുത്തുന്നതിനും മൂല്യനിർണയം നടത്തുന്നതിനുമായുള്ള ഒരു മീറ്റിംഗിൽ പങ്കെടുത്തിരുന്നു. അവർ, അവരുടെ അനുഭവങ്ങൾ ഭഗവാന്റെ സാന്നിദ്ധ്യത്തിൽ, തുറന്ന ആഡിറ്റോറിയത്തിൽവച്ച് എല്ലാവരുമായും പങ്കുവയ്ക്കുന്നതിന് ആഗ്രഹിച്ചു.. വൈസ്-ചാൻസലർമാരിൽ മൂന്ന്-നാല് പേർ അവരുടെ വീക്ഷണങ്ങൾ അവതരിപ്പിക്കുന്നതിനായി തെരഞ്ഞെടുക്കപ്പെടുകയുണ്ടായി, അതൊക്കെ രേഖപ്പെടുത്തിയിരുന്നു. ഏതാനും ചില വിദ്യാർത്ഥികളോടും അവരുടെ അനുഭവങ്ങൾ പങ്കുവയ്ക്കുന്നതിന് ഭഗവാൻ



നിർദ്ദേശിച്ചിരുന്നു, എന്തുകൊണ്ടെന്നാൽ അവിടെ സന്നിഹിതരായിരുന്ന വൈസ്-ചാൻസ

ലർമാർക്ക് അവർ പറയുന്നത് കേൾക്കാൻ പറ്റുമല്ലോ. വിദ്യാർത്ഥികൾ സത്യസായി യൂണിവേഴ്സിറ്റിയെക്കുറിച്ച് പറഞ്ഞതെന്തെന്ന് നിങ്ങളോട് പറയാൻ എനിക്ക് ഇതുവഴി കഴിയും.

## വിദ്യാർത്ഥികൾ സദാ തയ്യാറായി(READY)ഇരിക്കണം–EVER READY

ശരി, സ്വാമി എങ്ങനെയാണ് ആൺകുട്ടികളെ തെരഞ്ഞെടുക്കുന്നത് എന്നതിലേക്ക് ഞാൻ നിങ്ങളുടെ ശ്രദ്ധയെ ആകർഷിക്കുകയാണ്. അവർക്ക് ഒത്തിരി തയ്യാറെടുപ്പിനുള്ള അഥവാ, മതിയായ ഹോംവർക്കിനുള്ള നേരമൊന്നും അവിടുന്ന് അനുവദിക്കില്ല. അവർ തയ്യാറായി ഇരിക്കണം-സദാ തയ്യാറെടുത്ത്- ever ready! അവിടുന്ന് 2003 ഒക്ടോബർ 29-ന് ചെയ്തതുപോലെ, ആരെ വേണമെങ്കിലും, ഏതു സമയത്തും, തെരഞ്ഞെടുക്കാം.



സദസ്യരുമായി അവരുടെ വീക്ഷണം പങ്കിടുന്നതിനായി ഏതാനും വിദ്യാർത്ഥികൾ തെരഞ്ഞെടുക്കപ്പെട്ടു. ഓരോരുത്തരും പ്രസംഗിച്ചത് ഓരോ വ്യത്യസ്ത ഭാരതീയ ഭാഷയിലായിരുന്നു, തത്ഫലമായി ഞങ്ങൾക്ക് ഇംഗ്ലീഷിലും സംസ്കൃതത്തിലും ഹിന്ദിയിലും തെലുങ്കിലുമുള്ള ഓരോ പ്രസംഗങ്ങൾ കേൾക്കാനായി. നിങ്ങൾക്കവ ആസ്വദിക്കുന്നതിനും അംഗീകരിക്കുന്നതിനുമായി ഞാനവയുടെ സംഗ്രഹം പറയാം.

വ്യത്യസ്ത ഭാഷകളിലെ അവതരണത്തിനുശേഷം
വിദ്യാർത്ഥികൾ സ്വാമിക്കൊപ്പം

ആദ്യപ്രഭാഷകന്റെ പേര് ശശാങ്ക് ഷാ എന്നായിരുന്നു. രണ്ടാം വർഷ എം.ബി.എ. വിദ്യാർത്ഥിയായിരുന്ന അദ്ദേഹം ഇംഗ്ലീഷിലാണ് പ്രസംഗിച്ചത്. രണ്ടാമത്തെ പ്രഭാഷകൻ വൈ.രംഗനാഥരാജു ആയിരുന്നു. രണ്ടാം വർഷ എം.എ. വിദ്യാർത്ഥിയായ അദ്ദേഹം തെലുങ്കിലാണ് പ്രസംഗിച്ചത്. മൂന്നാമത്തെ പ്രഭാഷകൻ, എം.ടെക് കമ്പ്യൂട്ടർ സയൻസ് വിദ്യാർത്ഥിയായ വി.ജഗന്നാഥൻ ആയിരുന്നു. അദ്ദേഹം സംസ്കൃതത്തിലാണ് പ്രസംഗിച്ചത്. നാലാമത്തെ പ്രഭാഷകൻ, എം.എസ്.സി വിദ്യാർത്ഥിയായ ജഗദീഷ്ചന്ദ്ര ആയിരുന്നു. അദ്ദേഹം ഹിന്ദിയിലാണ് പ്രസംഗിച്ചത്. എല്ലാവരും അവരുടെ പ്രസംഗം കേട്ട് അഭിനന്ദിക്കുകയുണ്ടായി. സ്വാമി അവരെ പുറത്തു തട്ടി, നിർലോഭം

അവിടുന്ന് നാലുപേരെയും അനുഗ്രഹിക്കുകയുണ്ടായി, അവരത് അർഹിക്കുന്നുണ്ടായിരുന്നു. അതിനാൽ, ഓരോരുത്തരുടെയും പ്രഭാഷണത്തിന്റെ സംഗ്രഹം നൽകുന്നതിന് ഞാൻ ശ്രമിക്കാം.

## സ്വാമി ഒരിക്കലും വാക്ക് തെറ്റിക്കില്ല

ആദ്യ പ്രഭാഷകൻ: ശ്രീ ശശാങ്ക് ഷാ, രണ്ടാം വർഷ എം.ബി.എ വിദ്യാർത്ഥി, ഇംഗ്ലീഷിലാണ് പ്രസംഗിച്ചത്. അദ്ദേഹം തന്റെ വീക്ഷണങ്ങൾ താഴെ പറയുന്ന പ്രകാരം ആളുകളുമായി പങ്കുവച്ചു.



ഡോ.ശശാങ്ക്ഷാ പ്രസിഡണ്ടിൽനിന്നും സ്വർണമെഡൽ വാങ്ങുന്നു
(SSSIHL 25-ാമത് കോൺവൊക്കേഷൻ, 2006)

"ഏറെ കൊല്ലം മുമ്പ്, 1951-ൽ, പുട്ടപർത്തിയിൽ ശ്രീ സത്യസായി യൂണിവേഴ്സിറ്റി വരുമെന്ന് ഭഗവാൻ ബാബ പ്രഖ്യാപിക്കുകയുണ്ടായി. ഇത് സംഭവിച്ചത് അവിടുന്ന് പഠിച്ചിരുന്ന ബുക്കപ്പട്ടണത്തിലെ ഒരു സ്കൂൾ ഭഗവാൻ സന്ദർശിച്ച അവസരത്തിലാണ്. അത് കേവലം മൂന്നു മൈൽ അകലെയുള്ള ഒരു ഗ്രാമത്തിലായിരുന്നു. സ്കൂളിലെ ഒരു പൂർവവിദ്യാർത്ഥി എന്ന നിലയ്ക്ക് സ്കൂൾവാർഷികത്തിന് ഭഗവാൻ ക്ഷണിക്കപ്പെട്ടിരുന്നു.

ഹെഡ്മാസ്റ്റർ തന്റെ സ്വാഗതപ്രസംഗത്തിൽ പറയുകയുണ്ടായി, "ഭഗവാൻ, ഈ സ്ഥലത്ത് ഒരു ജൂനിയർ കോളജ് വേണമെന്നാണ് ഞങ്ങളുടെ ആഗ്രഹം. ദയവായി ഹൈസ്കൂളിൽ ഇന്റർമീഡിയറ്റ് ലെവലുകൾ ആരംഭിക്കുന്നതിന് ഞങ്ങളെ അനുവദിച്ചാലും, അങ്ങനെ അത് ജൂനിയർ കോളജായി അപ്ഗ്രേഡ് ചെയ്യാനാവും."

അപ്പോൾ സ്വാമി, എല്ലാവരെയും അതിശയിപ്പിച്ചുകൊണ്ട്, പ്രഖ്യാപിച്ചു, "എന്തുകൊണ്ട് ഒരു ജൂനിയർ കോളജ്? ഇവിടെ, പുട്ടപർത്തിയിൽ ഒരു യൂണിവേഴ്സിറ്റിതന്നെ വരും."

അവിടുന്ന്, ഇത് പ്രഭാഷണമധ്യേ പ്രഖ്യാപിച്ചത് 1951 ലാണ്. 30 വർഷങ്ങൾക്കുശേഷം, 1981 നവംബർ 22-ന് സത്യസായി യൂണിവേഴ്സിറ്റി സ്ഥാപിക്കപ്പെട്ടപ്പോൾ, അത് യാഥാർത്ഥ്യമായി.

## സത്യസായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ വേറിട്ടത്

സത്യസായി സർവകലാശാല സ്ഥാപിക്കപ്പെട്ടത്, വിദ്യാർത്ഥികളിൽ അവരുടെ അക്കാദമിക കോഴ്സുകൾക്കു പുറമെ, മാനവമൂല്യങ്ങൾ ഉറപ്പിക്കുന്നതിനുവേണ്ടിക്കൂടിയാണെന്ന് ശശാങ്ക് പറയുകയുണ്ടായി.



പ്രശാന്തിനിലയവും പുട്ടപർത്തിയും: 1950 കളിൽ

“ഈ രാജ്യത്തുടനീളം ധാരാളം സർവകലാശാലകളുണ്ട്. ശ്രീ സത്യസായി യൂണിവേഴ്സിറ്റി എന്നത് നിലവിലുള്ള ഇവയ്ക്കു പുറമെയുള്ള മറ്റൊരു സ്ഥാപനമല്ല. ഈ യൂണിവേഴ്സിറ്റി വേറിട്ടതാണ്. അത് പശ്ചാത്തലത്തിലുള്ള വ്യത്യാസമാണ്, ഇതിനൊരു ഉദ്ദേശ്യമുണ്ട്, ഈ രാജ്യത്തെ ഉത്തമപൗരന്മാരെ വാർത്തെടുക്കുന്നതിനായി മാനവമൂല്യങ്ങളുടെ

വിത്തിടുക എന്നതാണത്.'' ശ്രീ സത്യസായി യൂണിവേഴ്സിറ്റിയിലെ പഠനമാധ്യമമെന്നത് അച്ചടക്കമാണെന്നും ശശാങ്ക് പരാമർശിക്കുകയുണ്ടായി. ഒന്ന്, രണ്ട്, മൂന്നാം വിഷയങ്ങൾ എന്നത് പ്രേമം, സേവനം, സാധന ഇവയാകുന്നു.

50 കൊല്ലങ്ങൾക്ക് മുമ്പ്, പുട്ടപർത്തിയിൽ ശരിയായ ട്രാൻസ്പോർട്ടേഷൻ സൗകര്യങ്ങളോ നല്ല റോഡുകളോ ഇല്ലാതിരുന്ന 50-കളുടെ ആദ്യനാളുകളെപ്പറ്റി ഓർക്കുന്നതിന് ശശാങ്ക് ഞങ്ങളോട് അപേക്ഷിക്കുകയുണ്ടായി. ''ഇന്ന് ഇവിടെ ബസ്സ് സൗകര്യങ്ങളുണ്ട്, ഒരു എയർപോർട്ടുണ്ട്, മറ്റു സ്ഥലങ്ങളുമായി ബന്ധിപ്പിക്കുന്ന റെയിൽവേലൈനുകളുണ്ട്. എത്ര വലിയ മാറ്റമാണ്! സത്യസായി യൂണിവേഴ്സിറ്റി ഒരു ബന്ധിപ്പിക്കുന്ന ചങ്ങലയാണ്, വിദ്യാർത്ഥികൾക്കും ഭഗവാൻ ശ്രീ സത്യസായിബാബയ്ക്കും ഇടയിലുള്ള ശക്തമായ പ്രേമബന്ധം സമസ്തലോകത്തിനും മുമ്പാകെ തെളിയിച്ചുകൊണ്ട്.''

ഭഗവാന്റെ ദാനം, ക്ഷമ(giving and forgiving) എന്നീ ഭാവങ്ങളുടെ സാക്ഷാത്കാരമായി സത്യസായി യൂണിവേഴ്സിറ്റി നിലകൊള്ളുന്നു. വിദ്യാർത്ഥികളാണ് തന്റെ സ്വത്തെന്ന് അവിടുന്ന് ആവർത്തിച്ച് വ്യക്തമാക്കിയിട്ടുണ്ട്. വിദ്യാർത്ഥികളോടുള്ള ഭഗവാന്റെ പ്രേമം നമ്മുടെ സങ്കൽപ്പങ്ങൾക്ക് അപ്പുറത്താണ്. വിദ്യാർത്ഥികളോടുള്ള അവിടുത്തെ പ്രേമത്തിന്റെ ആഴം വ്യക്തമാക്കിത്തരാൻ ഒരു നിർവചനത്തിനും സാധ്യമല്ല. ആ പ്രേമം അറിയപ്പെടുന്ന സകല മനുഷ്യധാരണകൾക്കും അതീതമാണ്.

## ബാബ പ്രാർത്ഥനയ്ക്ക് പ്രതികരിക്കുന്നു

ഈ സംഭവം നടന്നത് 1970-ലാണ്. കോളജും അതിനോടനുബന്ധിച്ചുള്ള ഹോസ്റ്റലും ബാംഗ്ലൂരിലായിരുന്നു(വൈറ്റ്ഫീൽഡ്). ഹോസ്റ്റൽ തീരെ ചെറുതായിരുന്നതിനാൽ, വരും വർഷങ്ങളിൽ കൂടുതൽ കുട്ടികൾക്ക് തങ്ങത്തക്കവിധം വലിയ ഒരു ഹോസ്റ്റൽ പണിയുന്ന തിനെപ്പറ്റി സ്വാമി ചിന്തിക്കുകയായിരുന്നു.

അങ്ങനെ,ബാംഗ്ലൂരിൽ ഒരു പുതിയ ഹോസ്റ്റൽ പണിയുന്നതിനായി തറക്കല്ലിടുന്നതിനുള്ള എല്ലാ പ്ലാനുകളും ഒരുക്കപ്പെട്ടു. പ്ലാനൊക്കെ തയ്യാറായി, ഓർഡറുകളൊക്കെ നൽകപ്പെട്ടു കഴിഞ്ഞു, തറക്കല്ലിടുന്നതിനുള്ള തീയതിയും നിശ്ചയിച്ചു.

പക്ഷേ, ആൺകുട്ടികൾക്ക് അത്ര സന്തോഷമില്ലായിരുന്നു, കാരണം പുതിയ ഹോസ്റ്റൽ സ്വാമിയുടെ അടുത്തുനിന്ന് വളരെ അകലെയായിരുന്നു. ആൺകുട്ടികൾ അവിടുന്നിൽനിന്ന് വിദൂരത്താവും. മാനസികമായി, ഈ ശാരീരിക അകലത്തിന് അവർ തയ്യാറായിരുന്നില്ല. ആ സമയത്ത്, ഒരു കൊച്ചു പയ്യൻ സ്വാമിക്ക് ഒരു കത്ത് കൊടുത്തു, അതു

വായിച്ചിട്ട് അക്ഷരാർത്ഥത്തിൽ അവിടുന്ന് ഇളകിപ്പോയി, അത് അവിടുത്തെ ഹൃദയത്തെ ആഴത്തിൽ സ്പർശിച്ചു.

നിങ്ങൾക്കറിയാം, ഭഗവാൻ നമ്മുടെ പ്രാർത്ഥനയോട് പ്രതികരിക്കാറുണ്ട്. ഈ ഭൂമിയിലെന്തും പ്രാർത്ഥനകൊണ്ട് സാധ്യമാണ്, നാം പാവം മർത്യർക്ക് അത് അസാധ്യമായി തോന്നുമെങ്കിലും. പ്രാർത്ഥനകൊണ്ട് സാധിക്കാനാവാത്തതായി യാതൊന്നുമില്ല. ഈ ചെറിയ കുട്ടിയുടെ ലളിതമായ, ന്യായമായ, വിനീതമായ പ്രാർത്ഥന കാരണം, സ്വാമി പോസിറ്റീവായി പ്രതികരിക്കുന്നതിന് തീരുമാനിച്ചു. ആ കത്തിൽ എന്തായിരുന്നുവെന്ന് നിങ്ങൾക്കറിയാമോ?

"സ്വാമീ, ഞങ്ങളെ അകലെയാക്കുന്നത് ന്യായമാണെന്ന് അവിടുന്ന് കരുതുന്നുവോ? ഈ വിരഹം നമുക്ക് സഹിക്കാനാവുമെന്ന് അവിടുന്ന് കരുതുന്നുണ്ടോ? ഞങ്ങൾക്കുവേണ്ടി



ഭഗവാൻ വിദ്യാർത്ഥികൾക്കൊപ്പം: ത്രയിബൃന്ദാവനിൽ

ഒരു പ്രത്യേക ഹോസ്റ്റൽ പണിയണമെന്ന് അവിടുന്ന് തീരുമാനിച്ചിട്ടുണ്ടെങ്കിൽ, ഞാൻ ഭഗവാനോട് പ്രാർത്ഥിക്കുകയാണ്, ഞങ്ങളുടെ പുതിയ ഹോസ്റ്റലിന്റെ വശത്തായിത്തന്നെ അവിടുന്നിന് താമസിക്കാനുള്ള ഒരു മന്ദിരവും പണിയണം."

അതുകൊണ്ട്, സ്വാമിക്ക് താമസിക്കാനും ഒരു ഭവനം പണിയണമെന്നാണ് അവന്റെ ആവശ്യം. ആ കൊച്ചുപയ്യൻ ശാരീരികഅകലം ആഗ്രഹിച്ചതേയില്ല, പുതിയ ഹോസ്റ്റലിലേക്ക് താമസം മാറിയാൽ അതാവും സംഭവിക്കുക. അതുകൊണ്ടാണവൻ എഴുതിയത്, "സ്വാമീ, ഞങ്ങളുടെ നിർദ്ദിഷ്ട പുതിയ ഹോസ്റ്റലിന്റെ വശത്തായി അവിടുന്നിന് ഒരു മന്ദിരവും വേണം."



അത് സ്വാമിയെ ശരിക്കും സ്പർശിച്ചു. അവിടുന്ന് ഹോസ്റ്റൽ കെട്ടിടത്തിന്റെ നിർമ്മാണച്ചുമതലയുള്ള ചീഫ് എഞ്ചിനീയറെ വിളിപ്പിച്ചിട്ട് പറഞ്ഞു, "പ്ലാനുകൾ മാറ്റുക. പ്ലോട്ട് അവിടെനിന്നും ഈ സ്ഥലത്തേക്ക് മാറ്റുക, ആൺകുട്ടികൾ എന്റെ സമീപത്തു തന്നെ താമസിക്കത്തക്ക വിധത്തിൽ. അവർ എന്റെയടുത്തുനിന്ന് ദൂരെപ്പോവാൻ ആഗ്രഹിക്കുന്നില്ല; അവർ കരച്ചിലാണ്."

ഇപ്രകാരമാണ് ബാബ അരുളിയത്. ഇന്ന് ബാംഗ്ലൂർ വൈറ്റ്ഫീൽഡിൽ നിങ്ങൾ കാണുന്ന ഹോസ്റ്റൽ കെട്ടിടം, സ്വാമിക്ക് വിദ്യാർത്ഥികളോടുള്ള പ്രേമത്തിന്റെ ചെറുപകർപ്പായ സ്മാരകമാണ്.

## സ്വാമി പ്രേമമയനും ക്ഷമാമൂർത്തിയും

അവിടുന്നിന് ക്ഷമ(forgiveness)യെന്ന ഹിമാലയൻ ഗുണമുണ്ട്. അവിടുന്ന് കൊടുക്കുകയും പൊറുക്കുകയും ചെയ്യുന്നു. ബാബ ക്ഷമാമൂർത്തിയാണെന്നതിനു തെളിവായി

ശശാങ്ക് മറ്റൊരു സംഭവം പരാമർശിക്കുകയുണ്ടായി. തന്റെ വിദ്യാർത്ഥികളോട് അവിടുന്നിനുള്ള പ്രേമത്തെയും ഇത് വെളിവാക്കുന്നു.

"ഒരു ദിവസം, ഒരു ആൺകുട്ടി ഭഗവാന്റെ വെള്ള ഇംപാല കാറിൽ കയറി. കാർ ഗിയറിൽ കിടക്കുകയാണെന്ന് അവൻ ശ്രദ്ധിച്ചില്ല. അവൻ ഇരുന്ന അതേ നിമിഷം കാർ സ്റ്റാർട്ടായി, ഗോദ്‌റേജിനു തൊട്ടടുത്ത ഭിത്തിയിൽ ഇടിച്ചു. പയ്യൻ ആകെ ഭയന്നുപോയി. അവൻ അക്ഷരാർത്ഥത്തിൽ വിറച്ചുകൊണ്ട് ഓടിപ്പോയി. അവൻ രണ്ടുദിവസത്തേക്ക് ദർശനത്തിന്




വന്നില്ല, കോളജ് വാർഡൻ അവനെപ്പറ്റി തിരക്കുകയുണ്ടായി. രണ്ടുദിവസത്തെ അസാന്നിദ്ധ്യത്തിനുശേഷം, ആ കുട്ടി വിറച്ചുകൊണ്ട് ദർശനത്തിന് വന്നു. സ്വാമി അവനെ കണ്ടിട്ട് പറഞ്ഞു, "ബോയ്, നീ കരുതുന്നുണ്ടോ എനിക്ക് നിന്നോട് ദേഷ്യമുണ്ടെന്ന്? ഇല്ല! ഇല്ല! എനിക്ക് നിന്നോട് ദേഷ്യമില്ല. നീയാണ് എന്റെ കാറിനേക്കാൾ കൂടുതൽ പ്രധാനപ്പെട്ടത്. ഭിത്തിയിൽ ഇടിച്ചതുകാരണം കാറിന് തകരാറുണ്ടായേക്കാം. എനിക്കതിൽ ആധിയൊന്നുമില്ല. നിനക്ക് ഒന്നും പറ്റാഞ്ഞതിലാണ് എനിക്ക് സന്തോഷം, കാരണം നീയാണ് എന്റെ കാറിനേക്കാൾ കൂടുതൽ പ്രധാനപ്പെട്ടത്."

"ഇതാണ് ഭഗവാൻ പറഞ്ഞത്. അപ്പോൾ ആ കുട്ടി തൃച്ചേവടികളിൽ വീണ് ആ പാദങ്ങൾ തന്റെ കുറ്റബോധത്തിന്റെയും പശ്ചാത്താപത്തിന്റെയും കണ്ണീരാൽ കഴുകി. സ്വാമിയുടെ പ്രേമം ആയിരം അമ്മമാരുടെ പ്രേമത്തിലും അധികമാണ്." ശശാങ്ക് ഇതാണ് സദസ്യരോട് പറഞ്ഞത്. യൂണിവേഴ്സിറ്റി വിദ്യാർത്ഥികൾ ഈ മാനവമൂല്യങ്ങൾ പഠിക്കുന്നത് മാതൃകയെന്ന നിലയ്ക്ക് ഭഗവാനിൽനിന്നുതന്നെയാണ്. ഭഗവാൻ പഠിപ്പിക്കുകയും അത് ആചരിക്കുകയും ചെയ്യുന്നു.



**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)